**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 581** **13-10-2026-ൽ മറുപടിയ്ക്ക്**

**<u>ഭൂതത്താൻകെട്ട് മിനി ജലവൈദ്യുത പദ്ധതി</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. ഷിബു തെക്കുംപുറം

ശ്രീ. സണ്ണി ജോസഫ്
(വൈദ്യുതി, പരിസ്ഥിതി - പാർലമെന്ററികാര്യ
വകുപ്പ് മന്ത്രി)

**(എ)** കോതമംഗലം നിയോജകമണ്ഡലത്തിലെ ഭൂതത്താൻകെട്ട് മിനി ജലവൈദ്യുത പദ്ധതിയുടെ പുരോഗതി വിശദമാക്കാമോ;

**<u>മറുപടി:</u>** ഭൂതത്താൻകെട്ട് ചെറുകിട ജലപദ്ധതിയുടെ (3 x 8 MW) ഇലക്ട്രോമെക്കാനിക്കൽ പ്രവൃത്തികൾ M/s.Sree Saravana Engineering Bhavani Private Ltd - M/s.Hunan Zhaoyang Generating Equipment Co. Ltd (SSEBL) കൺസോർഷ്യത്തിന് 18.03.2015 ലെ എഗ്രിമെന്റ് പ്രകാരം നൽകുകയും ടി പദ്ധതിയുടെ ഇലക്ട്രോമെക്കാനിക്കൽ പ്രവൃത്തികൾ 86.61% പൂർത്തീകരിക്കുകയും ചെയ്തു. ചൈനയിൽ നിന്നും മൂന്നാമത്തെ കൺസൈൻമെന്റായ ടർബൈനും അനുബന്ധ സാമഗ്രികളും കരാറുകാരൻ ഇറക്കുമതി ചെയ്യാത്തതിനാൽ 05.08.2025 ൽ കൂടിയ ഫുൾ ടൈം ഡയറക്ടറുടെ യോഗത്തിൽ കരാറുകാരനെ (SSEBL) റിസ്ക് ആൻഡ് കോസ്റ്റിൽ ടെർമിനേറ്റ് ചെയ്യുവാൻ തീരുമാനിക്കുകയും തുടർന്ന് 11.08.2025 ന് ടെർമിനേഷൻ ഉത്തരവ് നൽകുകയും ചെയ്തു. കരാർ റദ്ദാക്കുന്നതിനെതിരെ SSEBL ബഹു.ഹൈക്കോടതിയെ സമീപിച്ചെങ്കിലും കെ.എസ്.ഇ.ബി.എൽ-ന് അനുകൂലമായ ഉത്തരവ് ലഭിക്കുകയും, തുടർന്ന് ബാങ്ക് ഗ്യാരണ്ടി പണമാക്കി മാറ്റുകയും, ഒരു സ്വതന്ത്ര ഏജൻസിയെക്കൊണ്ട് ബാക്കിയുള്ള ജോലികളുടെ പൂർണ്ണമായ കണക്കെടുപ്പും വിലയിരുത്തലും നടത്തുന്നതിനുള്ള നടപടികളും, പുനർ-ടെൻഡർ ചെയ്യുന്നതിനായുള്ള ടെൻഡർ രേഖകൾ തയ്യാറാക്കലും പുരോഗമിക്കുന്നു.

**(ബി)** പ്രസ്തുത നിയോജകമണ്ഡലത്തിൽ ഭൂഗർഭ കേബിൾ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട പദ്ധതി നിലവിലുണ്ടോ; വിശദമാക്കാമോ?

**<u>മറുപടി:</u>** കോതമംഗലം നിയോജക മണ്ഡലത്തിൽ കെ.എസ്.ഇ.ബി ലിമിറ്റഡിന്റെ വിതരണ വിഭാഗത്തിനു കീഴിൽ തനത് ഫണ്ട് ഉപയോഗിച്ചുള്ള ദ്യുതി പദ്ധതിയിൽ ഉൾപ്പെടുത്തി ആകെ 3.03 കോടി രൂപ ചെലവ് വരുന്ന 9.05 കിലോമീറ്റർ UG കേബിൾ വലിക്കുന്നതിനുള്ള പ്രവർത്തികൾ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതിൽ 43 ലക്ഷം രൂപയുടെ പ്രവർത്തികൾ പൂർത്തീകരിച്ചു കഴിഞ്ഞു. ബാക്കിയുള്ള പ്രവൃത്തികൾ പുരോഗമിച്ച് കൊണ്ടിരിക്കുന്നു.

വിതരണ ശൃംഖല ശക്തിപ്പെടുത്തുന്നതിനായി കേന്ദ്ര സർക്കാർ പ്രഖ്യാപിച്ച Revamped Distribution Sector Scheme (RDSS)ന്റെ ഭാഗമായി കോതമംഗലം നിയോജക മണ്ഡലത്തിൽ ഭൂഗർഭ കേബിൾ സ്ഥാപിക്കുന്ന പ്രവർത്തി നിലവിലുണ്ട്. ഇപ്പോൾ നടന്നുവരുന്നവയും, എന്നാൽ NHAI, PWD, Forest

Department എന്നിവയുടെ അനുമതിയ്ക്കായി കാത്തിരിയ്ക്കുന്നവയുമായ ഭൂഗർഭ കേബിൾ പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധം ആയി ചേർക്കുന്നു.

**സെക്ഷൻ ഓഫീസർ**

**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 630** **13-10-2026-ൽ മറുപടിയ്ക്ക്**

**<u>ലഹരി വസ്തുക്കളുടെ വിവരങ്ങൾ</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. ജി. സുധാകരൻ ശ്രീ. എം. ലിജു

(സഹകരണ-എക്സൈസ് വകുപ്പ് മന്ത്രി)

**(എ)** ഈ സർക്കാർ വന്നതിനു ശേഷം എക്സൈസ് വകുപ്പിന്റെ നേതൃത്വത്തിൽ കണ്ടെത്തിയ നിയമവിരുദ്ധമായി ഉല്പാദിപ്പിച്ചതും സൂക്ഷിച്ചതുമായ ലഹരിപദാർത്ഥങ്ങളുടെ കണക്ക് ലഭ്യമാക്കുമോ;

**<u>മറുപടി:</u>** 18.05.2026 മുതൽ 06.10.2026 വരെയുള്ള കാലയളവിൽ നിയമവിരുദ്ധമായി ഉൽപ്പാദിപ്പിക്കുകയും സൂക്ഷിക്കുകയും ചെയ്ത ലഹരിപദാർത്ഥങ്ങളുടെ വിവരങ്ങൾ അനുബന്ധം 1 ആയി ചേർക്കുന്നു.

**(ബി)** പ്രസ്തുത ലഹരി പദാർത്ഥങ്ങൾ കേരളത്തിൽ എവിടെ നിന്നെല്ലാമാണ് പിടിച്ചെടുത്തതെന്ന് വ്യക്തമാക്കുമോ;

**<u>മറുപടി:</u>** ലഹരി പദാർത്ഥങ്ങൾ പിടിച്ചെടുക്കുന്നത് സംബന്ധിച്ച വിവരങ്ങൾ അനുബന്ധം 2ആയി ചേർക്കുന്നു.

**(സി)** അത്യന്തം കുറ്റകരമായ ലഹരി ഉല്പാദനവും വിതരണവും നടത്തിയ കുറ്റവാളികളെ അറസ്റ്റ് ചെയ്തിട്ടുണ്ടോ; ഉണ്ടെങ്കിൽ എണ്ണമെത്രയെന്ന് അറിയിക്കുമോ; അറസ്റ്റ് ചെയ്തവർ ഏത് ജയിലിലാണെന്ന് അറിയിക്കുമോ?

**<u>മറുപടി:</u>** അനുബന്ധം 3 ആയി ചേർക്കുന്നു.

**സെക്ഷൻ ഓഫീസർ**